കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇൻഫർമേഷൻ കേരള മിഷൻ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. സി. പി. സുരേഷ് കുമാറിന്റെ ഫെയ്സ് ബുക്ക് പോസ്റ്റിനെതിരെ പരാതി - അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (സാധാ) നം.3073/2016/തസ്വഭവ. തിരുവനന്തപുരം, തിയതി, 16.11.2016.

---

പരാമർശം:- 1. ചീഫ് ഇലക്ഷൻ കമ്മീഷണറുടെ 23.03.2016 ലെ 119/ (141) EC4/2016/Elec.MCC (vio) നമ്പർ കത്ത്.

2. 09.08.2016 തീയതിയിലെ തസ്വഭവ-ഐബി1/154/2016-തസ്വഭവ നമ്പർ കുറ്റപത്രം.

3. 07.09.2016 തീയതിയിൽ ശ്രീ.സി.പി.സുരേഷ് കുമാർ സമർപ്പിച്ച പ്രതിവാദപത്രിക.

## ഉത്തരവ്

ഇൻഫർമേഷൻ കേരള മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീ.സി.പി.സുരേഷ് കുമാറിന്റെ ഫെയ്സ്ബുക്ക് പോസ്റ്റിനെതിരെ ശ്രീ സരോജാക്ഷൻപിള്ള സമർപ്പിച്ച പരാതി പരാമർശം (1) പ്രകാരം ചീഫ് ഇലക്ഷൻ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ തസ്തികയിലുള്ള ശ്രീ. സി.പി.സുരേഷ് കുമാർ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇൻഫർമേഷൻ കേരള മിഷനിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തു വരികെ ടിയാന്റെ ഫെയ്സ്ബുക്ക് പേജ് അക്കൗണ്ടിൽ ഷെയർ ചെയ്യപ്പെട്ടിരുന്ന, അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ബഹു. ശ്രീ.വി. എസ്. അച്യുതാനന്ദനെതിരെയുള്ള പോസ്റ്റ് തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടത്തിന്റെ ലംഘനമാണെന്നും അതിനെതിരെ നടപടി സ്വീകരിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടിരുന്നു.

3. ഇതിൻമേൽ ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും ഇൻഫർമേഷൻ കേരള മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കെ ഫെയ്സ്ബുക്ക് പോലെയുള്ള സോഷ്യൽ മീഡിയ രാഷ്ട്രീയ താല്പര്യങ്ങൾക്കായി ദുരുപയോഗം ചെയ്തതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും KCS (CC&A) Rules, 1960, ചട്ടം 16 അനുസരിച്ച് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും ആയതിന് ടി ഉദ്യോഗസ്ഥൻ പരാമർശം (3) പ്രകാരം സർക്കാരിൽ പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി.

4. കേരള പഞ്ചായത്ത് എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് ശ്രീ. സരോജാക്ഷൻ പിള്ളയുടെ പരാതിയിൽ പരാമർശിച്ചിട്ടുള്ള ഫെയ്സ്ബുക്ക് അക്കൗണ്ട് തന്റെയും കുടുംബത്തിന്റെയും സ്വകാര്യ താത്പര്യങ്ങൾക്ക് ഉപയോഗിക്കുന്നതാണെന്നും, ടെക്നോപാർക്ക് സി.ഇ.ഒ ആയിരുന്ന ശ്രീ.വിജയരാഘവന്റെ 'വിജയവഴികൾ' എന്ന പുസ്തകത്തിലെ ടെക്നോപാർക്കിന്റെ വികസനം സംബന്ധിച്ച ചില ഭാഗങ്ങളടങ്ങിയ ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് തന്റെ ഒരു സുഹൃത്ത് ഷെയർ ചെയ്തത് താനും ഐ.ടി വിദ്യാർത്ഥിയായ തന്റെ മകനും വായിക്കുന്ന വേളയിൽ അബദ്ധവശാൽ ഷെയർ ചെയ്യപ്പെട്ടതാണെന്നും, സർക്കാരിന് എതിരായോ എന്തെങ്കിലും പ്രത്യേക രാഷ്ട്രീയ താൽപ്പര്യമോ ഉള്ളതായി പ്രസ്തുത പോസ്റ്റ് വായിച്ചപ്പോൾ തോന്നിയിരുന്നില്ലായെന്നും, ടി പോസ്റ്റിന് അനുകൂലമായി ലൈക്ക് ചെയ്യുകയോ തന്റെ അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും ശ്രീ.സി.പി.സുരേഷ് കുമാർ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന കാലയളവിലല്ല പ്രസ്തുത പോസ്റ്റ് ഷെയർ ചെയ്തതെന്നും നിലവിൽ തന്റെ ഫെയ്സ്ബുക്ക് അക്കൗണ്ടിൽ നിന്നും പ്രസ്തുത പോസ്റ്റ് നീക്കം ചെയ്തിട്ടുണ്ടെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. അബദ്ധവശാൽ ചെയ്തുപോയ തെറ്റ് മാപ്പാക്കി ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിലും ശ്രീ.സി.പി.സുരേഷ് കുമാർ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ഉത്തരവാദിത്വവും പുലർത്തേണ്ടതായിരുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതെ ശ്രദ്ധയോടും ഉത്തരവാദിത്വത്തോടും കൂടി ഉദ്യോഗസ്ഥൻ പ്രവർത്തിക്കേണ്ടതാണ്. ആയതിനാൽ ഇൻഫർമേഷൻ കേരള മിഷൻ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൂടിയായ ശ്രീ.സി.പി.സുരേഷ് കുമാറിനെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി, KCS (CC&A) ചട്ടം 11 (i) പ്രകാരം 'സെൻഷ്വർ' നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.എസ്.ബിന്ദു**
**അണ്ടർ സെക്രട്ടറി**

ശ്രീ. സി. പി. സുരേഷ് കുമാർ, (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ